പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 243

28.01.2014 ൽ മറുപടിക്ക്

## റേഷൻ വിതരണത്തിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ:<br>ശ്രീ കെ.കെ. നാരായണൻ:<br>ശ്രീ. ശ്രീമതി കെ.കെ. ലതിക :<br>ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യ വസ്തുക്കളുടെ അലോട്ട്മെന്റിൽ കേന്ദ്രം കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോഴെല്ലാം; | (എ) നോർമൽ വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ല. അഡ്ഹോക് വിഹിതത്തിൽ ഏറ്റക്കുറച്ചിലുകൾ വന്നിട്ടുണ്ട്. കഴിഞ്ഞ 4 കൊല്ലങ്ങളിലെ ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>2013-14 സാമ്പത്തിക വർഷം സംസ്ഥാനത്തിന് പ്രതിവർഷം അനുവദിച്ചിട്ടുള്ള ആകെ വിഹിതം 1574832 മെ.ടണ്ണാണെങ്കിലും ആകെ പ്രതിവർഷ വിട്ടെടുപ്പ് വിഹിതം 1472688 മെ. ടണ്ണിൽ കൂടുവാൻ പാടില്ലായെന്ന് കേന്ദ്രസർക്കാർ നിബന്ധന ഏർപ്പെടുത്തിയതിനാൽ വിട്ടെടുക്കുന്ന വിഹിതത്തിൽ കുറവ് വരുത്തേണ്ടിവന്നു. |
| (ബി) റേഷൻ ഷോപ്പുകളിലെത്തുന്ന ദുർബലവിഭാഗക്കാർ സ്റ്റോക്കില്ലെന്ന പല്ലവി കേൾക്കേണ്ടിവരുന്നതും കബളിപ്പിക്കപ്പെടുന്നതും അറിയാമോ? | (ബി) ചില സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ കർക്കശമാക്കാനും റേഷൻകാർഡുകൾ പരിശോധിച്ച് കാർഡുടമകൾക്ക് അർഹതപ്പെട്ട വിഹിതം കിട്ടുന്നുണ്ട് എന്നുറപ്പു വരുത്താനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് ത്രാസുകൾ ഉപയോഗിക്കുന്നത് മൂലം റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ ഉപഭോക്താവിന് ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

Last 3 Years Allotment (Quantity in MT)

| RICE | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|
| APL | 432672 | 432672 | 432672 | 432672 |
| APL Adhoc | 97914 | 154580 | 185496 | 185496 |
| BPL | 318792 | 318792 | 318792 | 318792 |
| BPL Adhoc | 70816 | 120574 | 217703 | 72840 |
| AAY | 250260 | 250260 | 250260 | 250260 |
| Total | 1170454 | 1276878 | 1404923 | 1260060 |
| **WHEAT** | | | | |
| APL | 141324 | 141324 | 141324 | 141324 |
| APL Adhoc | 25128 | 50490 | 60588 | 60588 |
| BPL | 83556 | 83556 | 83556 | 83556 |
| BPL Adhoc | 18562 | 34869 | 88401 | 29304 |
| Total | 268570 | 310239 | 373869 | 314772 |
| Grand Total | 1439024 | 1587117 | 1778792 | 1574832 |